(എ) 1999-2000-ാമാണ്ടിലേയ്ക്ക് എത്ര കോടി രൂപയാണ് ഇൻഫർമേഷൻ ടെക്നോളജിക്കു വേണ്ടി നീക്കിവച്ചിട്ടുള്ളത്;

(ബി) ഈ വർഷം ഏതെല്ലാം വകുപ്പുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി നടപ്പിലാക്കാനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഖ്യയും കാലയളവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓരോ വകുപ്പിന്റെയും 1999-2000-ാമാണ്ടിലെ പദ്ധതിവിഹിതത്തിന്റെ 3% വരെ തുക ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള പദ്ധതികൾക്കായി ചെലവഴിക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ആദ്യ ഘട്ടത്തിൽ, സംസ്ഥാനത്തെ 34 വകുപ്പുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വകുപ്പുകളുടെ പേരുവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) വകുപ്പു സെക്രട്ടറി അദ്ധ്യക്ഷനായി വകുപ്പുതല കർമ്മസമിതികൾ രൂപീകരിക്കുകയും, ഓരോ വകുപ്പിലെയും സർക്കാർതല കമ്പ്യൂട്ടർവൽക്കരണം രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കാൻവേണ്ട ഐ.ടി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഫലപ്രദവും സമയബന്ധിതവുമായും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം വകുപ്പുതല കർമ്മസമിതികളിൽ നിക്ഷിപ്തമാണ്. പദ്ധതി നടപ്പാക്കുന്നതിന് ഓരോ വകുപ്പിനും അവരുടെ 1999-2000-ാമാണ്ടത്തെ പദ്ധതിവിഹിതത്തിന്റെ 3% തുക വരെ ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

35 (1395) ഫ്ളൈയിംഗ് ക്ലബ്ബിന് വിമാനങ്ങൾ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ഫ്ളൈയിംഗ് ക്ലബ്ബിനുവേണ്ടി വിമാനങ്ങൾ വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ;

(ബി) വിമാനങ്ങൾ വാങ്ങുന്നതിനുവേണ്ടി ടെണ്ടർ വിളിച്ചിരുന്നുവോ;

(സി) ഏതെല്ലാം പത്രങ്ങളിൽ ടെണ്ടർ പരസ്യപ്പെടുത്തിയിരുന്നു;

(ഡി) എത്ര ടെണ്ടറുകൾ ലഭിച്ചു; കുറഞ്ഞ ടെണ്ടർ ആരിൽ നിന്നാണ് ലഭിച്ചത്; അതെത്രയാണ് എന്നു വെളിപ്പെടുത്തുമോ;

(ഇ) ടെണ്ടർ വിളിച്ചില്ലാ എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) വിമാനം വാങ്ങിയത് ആരിൽ നിന്നാണ്; ഓരോ വിമാനവും തിരുവനന്തപുരത്ത് എത്തിയപ്പോൾ എന്തു ചെലവുവന്നു?

ഉത്തരം

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

(എ) വിമാനങ്ങൾ വിലയ്ക്ക് വാങ്ങിയിട്ടില്ല. എന്നാൽ കേന്ദ്ര സിവിൽ വ്യോമയാന വകുപ്പിൽനിന്നും ലോൺ വഴി ഒരു വിമാനം ലഭിക്കുകയുണ്ടായി. ഈ വിമാനത്തിന്റെ യഥാർത്ഥ അവകാശി കേന്ദ്ര സിവിൽ വ്യോമയാന വകുപ്പാണ്.

(ബി),(സി),(ഡി),(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

36 (1396) പോലീസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ നോർത്തേൺ റേഞ്ചിലെ ആർമ്ഡ് റിസർവ് വിഭാഗത്തിൽ ഹെഡ്കോൺസ്റ്റബിൾ, എ.എസ്.ഐ., എസ്.ഐ. എന്നീ തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ ആ ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 1991-ൽ പ്രമോഷനുള്ള ടെസ്റ്റ് ക്വാളിഫിക്കേഷൻ നേടിയിട്ടുള്ളവർ ആരെങ്കിലും പ്രമോഷൻ ലഭിക്കാത്തതായി അവശേഷിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിലവിലുള്ള ഒഴിവുകളിൽ പ്രമോഷൻ ലഭിക്കാൻ അവർ അർഹരാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) അർഹരാണെങ്കിൽ നിലവിലുള്ള ഒഴിവുകളിൽ അവർക്ക് എത്രയും പെട്ടെന്ന് പ്രമോഷൻ നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ റേഞ്ചിൽ 32 ആർ.എ.എസ്.ഐ. മാരുടെയും തൃശ്ശൂർ റേഞ്ചിൽ 6 ആർ.എസ്.ഐ. മാരുടെയും 1 ആർ.എ.എസ്.ഐ. യുടെയും 7 എ.ആർ.എച്ച്.സി. മാരുടെയും ഒഴിവുകളുണ്ട്.

(ബി) കണ്ണൂർ റേഞ്ചിൽ ഒഴിവുള്ള 32 ആർ.എ.എസ്.ഐ മാരുടെ ഒഴിവുകൾ നികത്തുന്നതിന് പൂർണ്ണമായുള്ള ഒരു സപ്ലിമെന്ററി സെലക്ട് ലിസ്റ്റ് ഉണ്ടാക്കുന്നതിനുള്ള ഡി.പി.ബി. ചേരുന്നതിനാവശ്യമായ എച്ച്.സി.മാരുടെ റേഞ്ച് സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യത്തിനുള്ള എച്ച്.സി.മാരുടെ എണ്ണം ഇല്ലാത്തതിനാലാണ് ഡി.പി.ബി. കൂടുവാൻ കാലതാമസം ഉണ്ടായത്. 19.6.99-ൽ ഡി.പി.ബി ചേരുകയും ആയതിന്റെ നടപടിക്രമം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രമോഷൻ നൽകുന്നതുമാണ്. തൃശ്ശൂർ റേഞ്ചിൽ ഒഴിവുള്ള ആർ.എ സ്.ഐ.മാരുടെ തസ്തികകളിലേക്കും ആർ.എ.എസ്.ഐ.മാരുടെ തസ്തികളിലേക്കും സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സെലക്ട് ലിസ്റ്റുകൾ അംഗീകരിച്ചുകഴിഞ്ഞാലുടൻ ഒഴിവുകൾ നികത്തുന്നതാണ്. എച്ച്.സി.മാരുടെ ഒഴിവുകളിലേക്ക് തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ സീനിയോറിറ്റിയെപ്പറ്റി തർക്കം നിലവിലുണ്ടായിരുന്നതിനാലാണ് നികത്താതിരുന്നത്. തർക്കം പരിഹരിച്ച് എച്ച്.സി. മാരുടെ ഒഴിവുകൾ ഉടനെ നികത്തുന്നതാണ്.

(സി) ഇല്ല.

(ഡി)&(ഇ) ബാധകമല്ല.

37 (1397) പോലീസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly